**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **27-07-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസിൽ മെഡൽ നേടിയ താരങ്ങൾക്ക് ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2015-ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരിൽ എത്ര പേർക്ക് ഇനി ജോലി നൽകാനുണ്ട്; വിശദവിവരം നൽകാമോ? | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായികയുവജനകാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനം നൽകിയ 82 കായികതാരങ്ങളിൽ റിപ്പോർട്ട് ചെയ്ത 57 പേർ ജോലിയിൽ പ്രവേശിക്കുകയും നിയമന ഉത്തരവ് നൽകിയ 2 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെടുകയും അതിൽ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത 83 കായിക താരങ്ങളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്ന ശ്രീ.സുഭാഷ്.കെ.കെയ്ക്ക് നിയമനം നൽകിയിട്ടില്ല. ടിയാന് അനുയോജ്യമായ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ